# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P14)10/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P14)10/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ് .നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.പി ഷോബി.(ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്)
ശ്രീമതി.വിദ്യവിക്രമൻ (അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.സ്റ്റാൻലി.പി.എസ്(അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ.സുനിൽകുമാർ.കെ.സി(അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജോയ്സൻ.സി.ജെ(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രേമ കുട്ടൻ | പ്രസിഡന്റ് | 01-04-2019 | 21-10-2019 |
| ശ്രീ.കെ.സി.സന്തോഷ് | പ്രസിഡന്റ് | 22-10-2019 | 21-11-2019 |
| ശ്രീമതി,ശ്രീജ അനിൽ | പ്രസിഡന്റ് | 22-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെയ്സൻ.പി.എ. | അസി.സെക്രട്ടറി | 01-04-2019 | 27-01-2020 |
| മനോജ്കുമാർ.പി. | അസി.സെക്രട്ടറി | 28-01-2020 | 31-03-2020 |
| കവിത.പി.ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രഘു.സി.ബി | വെററിനറി സർജൻ | 01-04-2019 | 10-02-2020 |
| ഡോ.അരുൺ റാഫേൽ | വെററിനറിസർജൻ | 11-02-2020 | 31-03-2020 |
| ഡോ.ഷീന.കെ.വാസു. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ശ്യാമളൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| സുധ.ജെ | സെക്രട്ടറി | 16-07-2019 | 31-03-2020 |
| സുമ.വി.ടി (കല്ലൂർ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സുമ.എം.എസ് (തൃക്കൂർ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| മുഹമ്മദ് റയീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 30-05-2019 |
| സി.ജോൺ ജോൺസൻ കുന്നത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2019 | 31-03-2020 |
| ജെയ്സൻ.പി.എ | സെക്രട്ടറി (ഇൻ ചാർജ്ജ്) | 01-04-2019 | 13-05-2019 |
| എം.ഷാഹിദ് | സെക്രട്ടറി | 14-05-2019 | 15-07-2019 |
| അനു.പി.പ്രഭു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| സരിത.കെ.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-07-2019 | 31-03-2020 |
| ഗ്രേസി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ശ്യാമള | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| കെ.ഇന്ദിര | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 30-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shobby.V.P (Audit Officer, On 30-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-10 |
| 11 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-11 |
| 12 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-12 |
| 13 | ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-13 |
| 14 | വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-14 |
| 15 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-15 |

| | | |
|---|---|---|
| 16 | വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-16 |
| 17 | ജേണൽ ബുക്ക്-വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-17 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-18 |
| 19 | ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-19 |
| 20 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-20 |
| 21 | കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 26-04-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-22 |
| 23 | മുൻകൂർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-05-2022) | 1-23 |
| 24 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-24 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-25 |
| 26 | വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 28-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-26 |
| 27 | ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-27 |
| 28 | ചെക്കുകൾ അക്കൗണ്ടിൽ വരവ് വരാതെ പേയ്മെന്റ് വൗച്ചർ വഴി ചെലവ് എഴുതി ക്രമീകരിച്ചു.<br>Written By: Joyson (Auditor, On 04-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-28 |
| 29 | ലൈവ് സ്റ്റോക്ക് ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിച്ചു വരുന്നു<br>Written By: Joyson (Auditor, On 07-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-30 |
| 30 | അനധികൃതമായി ഭൂവികസനം നടത്തി<br>Written By: Joyson (Auditor, On 08-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-31 |
| 31 | അനധികൃത കെട്ടിടങ്ങൾ - നിർമ്മാണം ചട്ടപ്രകാരം ക്രമീകരിക്കേണ്ടതാണ്.<br>Written By: Joyson (Auditor, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-32 |

| | | |
|---|---|---|
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-33 |
| 33 | വില്ലേജിൽ നിന്നും വാല്യുവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ നൽകി<br>Written By: Joyson (Auditor, On 17-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-34 |
| 34 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-35 |
| 35 | ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Stanley P S (Asst. Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-36 |
| 36 | ICDS സൂപ്പർവൈസർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Joyson (Auditor, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-37 |
| 37 | പ്രൊജ.നം. 87/19-20 അംഗൻവാടികൾക്ക് ഉപകരണങ്ങൾ-അപാകതകൾ<br>Written By: Joyson (Auditor, On 05-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-38 |
| 38 | പ്രൊജ.നം.197/19 ഗ്രാമ പഞ്ചായത്ത് ആഫീസ് നവീകരണം രണ്ടാം ഘട്ടം--അപാകതകൾ<br>Written By: Shobby.V.P (Audit Officer, On 06-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-39 |
| 39 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പഠനമുറി നിർമ്മാണം നടത്തിയിട്ടുള്ളത് ഗുണഭോക്താവിന്റെ താമസ ഗൃഹത്തിന് അനുബന്ധമായിട്ടല്ല -അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Vidya Vikraman (Asst. Audit Officer, On 01-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-40 |
| 40 | കന്നുകുട്ടി പരിപാലനം<br>Written By: SunilKumar K C (Asst. Audit Officer, On 01-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-41 |
| 41 | സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 30-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-42 |
| 42 | സെക്രട്ടറി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയത് -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 30-11-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-43 |
| 43 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രൊജക്ടുകൾ--മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല.<br>Written By: Stanley P S (Asst. Audit Officer, On 05-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-44 |
| 44 | മണലിപ്പുഴ സംരക്ഷണം -കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തുക നൽകി -ചെലവിന്റെ വിശദാംശം ലഭ്യമാക്കിയില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 01-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-45 |
| 45 | പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം/ചെലവ് രേഖകൾ ഓഡിറ്റ് ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 01-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 1-46 |

| | | |
|---|---|---|
| 46 | റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 02-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 1-47 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 28-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joyson (Auditor, On 03-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 27-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 25/02/2019 | |
| കമ്മിറ്റി തീരുമാനം | തീരുമാനം നമ്പർ 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 205310207 | 200825471 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം | 29/02/2020<br>തീരുമാനം നമ്പർ1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 210756690 | 205357625 |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു.
(I) സ.ഉ (ആർ.റ്റി) 3291/16 തി.02.12.16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലേകനം നടത്തിയിട്ടില്ല.
(Ii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.
മേൽ പ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 27.07.20 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21057787 |
| വരവ് | 71034671 |
| ആകെ | 92092458 |
| ചെലവ് | 68243798 |
| നീക്കിയിരിപ്പ് | 23848660 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16403172 | 16403172 | 13975546 | 2427626 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7083765 | 7083765 | 6455350 | 628415 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 144000 | 144000 | 102000 | 42000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,33,93,000 | 1,33,93,000 | 3710862 | 9682138 |
| മെയിന്റനൻസ്, | 0 | 5105000 | 5105000 | 3075999 | 2029001 |

| | | | | | |
|---|---|---|---|---|---|
| നോൺ-റോഡ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11183757 | 11183757 | 9470994 | 1712763 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 210 | 107667929 | 134 | 52541262 | 0 | 76 | 63.8% |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 48759 | 958628 | 1007387 | 1001079 | 6308 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30322980 | 30322980 | 30322980 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 34680 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 3114000 | 533 |
| വിധവാ പെൻഷൻ | 6562200 | 1134 |
| വാർദ്ധക്യകാല പെൻഷൻ | 12731100 | 2199 |
| വികലാംഗപെൻഷൻ | 2141800 | 368 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 646200 | 116 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിഷോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-11-2021 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10507 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ശരാശരി നിലവാരം പുലർത്തുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതും, വിവരങ്ങൾ തെറ്റായിരേഖപ്പെടുത്തുന്നതായും കണ്ടു.

ആഭ്യന്തര നിയന്ത്രണം ഉറപ്പ് വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 15/07/2021 | 01/01/2021-31 /03/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 27/10/2015-11 /11/2015 | 2010-11 മുതൽ 2014-15 | 12/07/2016 |

## 1-11 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2774654 | 2655744 | 47704 | 80158 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2774654 | 2655744 | 20907 | *80255 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection- PTax On Res. Bldg- ന്റെ ലെഡ്ജർ) | *(84268 /105X100)= 80255 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 114178 | 55657 | 58606 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *108307 | 55657 | **55300 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (58065/105X100)= 55300 |

| | | | |
|---|---|---|---|
| | (41441+72281= 113722/105*100) | ആർ.പി-43) | |

## 1-12 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം,കുടിശ്ശിക )-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1930524 | 1851840 | 53266 | 31075 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1930524 | 1851840 | 16087 | *31091 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(32646 /105X100)=31091 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ -കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 65009 | 36015 | 29044 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 54195 | 36015 | **18947 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(33627+23278= 56905/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(19894/105X100)= 18947, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 141510 | 5858 | 147368 | 135090 | 2830 | 137920 | - | - | 4110 | 2988 | 7098 |
| | നോൺ-റെസിഡൻഷ്യൽ | 97257 | 3309 | 100566 | 93117 | 1825 | 94942 | - | - | 1571 | 1462 | 3033 |
| | ആകെ | | | 247934 | | | 232862 | | | | | 10131 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ | | 248586 | | | 233277 | | | | 290349 | 9280 | | |
| | | 8288+ 133694+ 92517+ | | | (റസീറ്റ് & പേയ്മെന്റ് പത്രിക , | | | | (4319 10101 – State | (ബാലൻസ് ഷീറ്റ് | | |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം | 5039+ 4009+5039 =248586 (2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt . Cess/levies...... ലെഡ്ജർ 2019-20) | ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | Govt . Cess/ Levies... ലെഡ്ജർ 2019-20) | ഷെഡ്യൂൾ ബി-15) |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 233277/-രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 232862/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 290349 രൂപയാണ്.

2019-20ലെ 431910101 -State Govt . Cess/levies In Prpperty Tax -Control Accountപരിശോധിച്ചു. Prior Period Items എന്ന നോമിനൽ അക്കൌണ്ട് പ്രകാരം സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന 69274 രൂപ ഡിമാന്റിൽ വർദ്ധനവ് വരുത്തിയും, 18231 രൂപ ഡിമാന്റിൽ കുറവ് വരുത്തിയും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വ്യത്യാസം വരുത്തിയതിന് അംഗീകരിക്കാനാകുന്ന യാതൊരു സബ് വൗച്ചറുകളും വർക്ക് ഷീറ്റുകളും നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം സാങ്കല്പികമായി വ്യത്യാസം വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വ്യത്യാസം വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഡിമാന്റിൽ വർദ്ധനവ്

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900277 | 31/03/20 | 29409 |
| 2 | 41900293 | 31/03/20 | 39865 |

ഡിമാന്റിൽ കുറവ്

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900294 | 31/03/20 | 18231 |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതി, ലൈബ്രറി സെസ്സ് എന്നിവയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential | 1000 | 8786 |

| | | | |
|---|---|---|---|
| | Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 5323 | 4932 |

## 1-15 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ 258 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 19/7/19ലും, 02/03/2020 ലുമായി 3 എൻട്രികളും, “110100103-Property Tax On Non Residential Buiding”എന്ന ശീർഷകത്തിൽ 2 എൻട്രികളും മാത്രമായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ പല രജിസ്റ്ററുകളും ഇപ്രകാരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-17 ജേണൽ ബുക്ക്-വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസ ഡിമാന്റ് തയ്യാറാക്കുന്നില്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 14472 | 19/6/2019 | 41900049 |
| 2 | തൊഴിൽ നികുതി -സ്ഥാപനങ്ങൾ | 110200101-profession Tax – Traders .... | 418280 | 19/6/2019 | 41900048 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 11178 |
| 280100102-Prior Period Income-professional Tax-institutions/professionals/traders | (25,910) |
| 280100104-Prior Period Income- Propertytax On Non Residential Buildings | 39865 |

| | |
|---|---|
| 280100105-Prior Period Income-service Cess On Residential Buildings | 2332 |
| 280100106-Prior Period Income-service Cess On Non Residential Buildings | 2586 |
| 280600499-Prior Period Expences- Remission And Refund-other Income | (8276) |
| 280800501 - Prior Period-programme Expenses | (12566) |

## 1-20 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 68,268,656 രൂപയാണ്. 31/3/2020 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 68,681,912 രൂപയാണ്. തൻവർഷം കൂട്ടുതലായി ചേർത്തിരിക്കുന്നത് ആകെ 413256/-രൂപ മാത്രമാണ്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല എന്ന് വ്യക്തമാണ്. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-21 കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

1.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി 31/03/2020 വരെയുള്ളത് 96570 രൂപ വാർഷിക കണക്കിൽ ചേർത്തിട്ടുണ്ട്. 2018-19 ലും ഇതേ തുകയാണ് ചേർത്തിട്ടുള്ളത്. വസ്തു നികുതി കടിശ്ശികയിൽ വാർഷിക കണക്ക് പ്രകാരം തൻവർഷം വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശികയുടെ ലഭ്യത സംശയാസ്പാദമായിട്ടുള്ള തുകകളുടെ വർഷം തിരിച്ച കണക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ന്യൂനതകൾ ഉള്ളതിനാൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2790873/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2580060/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 മുൻകൂർ രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടില്ല

ഓഡിറ്റിന് മുൻകൂർ രജിസ്റ്ററിൽ പതിച്ച് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, തൻവർഷം മുൻകൂർ നൽകിയ തുക, മുൻകൂർ ക്രമീകരിച്ചത്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയതിൽ വ്യക്തതയില്ല. മുൻകൂർ രജിസ്റ്റർ നിശ്ചയിച്ച മാതൃകയിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 Loans, Advances And Deposits എന്ന ശീർഷകത്തിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-24 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി

പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-6) പ്രകാരം വരുമാനം 30,322,980 ഉം ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-14 14(a) പ്രകാരം ചെലവ് 30,736,236 ഉം ആണ്. വരുമാനവും, ചെലവും പൊരുത്തപ്പെടേണ്ടതാണെങ്കിലും ആയവ പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിൽ 413256 രൂപയുടെ വ്യത്യാസം ഉണ്ട്. മാത്രമല്ല തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം ആകെ വരുമാനവും ചെലവും 31406544 രൂപയാണ് .

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്.

## 1-26 വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-27 ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ കേന്ദ്രം കെട്ടിടം (74.25ച.മീ) ഉള്ളതായി കാണുന്നു. 2012 -ൽ പണി പൂർത്തീകരിച്ച കെട്ടിടം നാളിതു വരെയായി ലേലം ചെയ്ത് തൊഴിൽ സംരഭങ്ങൾക്ക് നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (13/25.11.21)യുടെ മറുപടിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടം തൊഴിൽ സംരഭങ്ങൾക്ക് വാടകയ്ക്ക് നൽകിയില്ലായെന്നാണ് അറിയിച്ചത്. ആയതിനാൽ ആസ്തികൾ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ചെക്കുകൾ അക്കൗണ്ടിൽ വരവ് വരാതെ പേയ്മെന്റ് വൗച്ചർ വഴി ചെലവ് എഴുതി ക്രമീകരിച്ചു.

1) ഗ്രാമപഞ്ചായത്തിലെ സർവ്വോദയ ഹൈ സ്കൂൾ, യു.പി സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കുന്നതിനായി, ട്രഷറി ചെക്കുകൾ ചെക്ക് നം.2733874/24.2.20, ചെക്ക് നം.2733872/24.2.20 പ്രകാരം (19,750/-രൂപയും, 6250/-രൂപയും) നൽകിയതായി കാണുന്നു. എന്നാൽ ചെക്കുകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ 31.3.21 തിയ്യതിയിൽ വൗച്ചർ നം.22001499 പ്രകാരം Administrative &Other Expenses Without Recovery എന്ന ശീർഷകത്തിൽ 26000/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. അക്കൗണ്ടിൽ വരവ് വരാതെയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ചെക്കുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്നും, ചെക്കുകൾ ചെലവായി രേഖപ്പെടുത്താനുമുള്ള കാരണവും, ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/25.11.21 നൽകിയെങ്കിലും ചെക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പഴയ ചെക്കുകൾ തിരിച്ച് നൽകിയതിന് കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന് കിട്ടാനുള്ള തുക ലഭിക്കാതെ ആയത് പേയ്മെന്റ് വൗച്ചർ വഴി ചെലവ് എഴുതി ക്രമീരിച്ചത് ഗുരുതരമായ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) തൊഴിൽ നികുതി അടവാക്കാതെ കുടിശ്ശിക ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ സർവ്വോദയ ഹൈ സ്കൂൾ, യു.പി സ്കൂൾ എന്നീ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കുന്നതിനായി സമർപ്പിച്ച ട്രഷറി ചെക്കുകൾ (ചെക്ക് നം.2733874/24.2.20, 2733872/24.2.20) അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി കുടിശ്ശികയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/25.11.21 നൽകി. മറുപടിയിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ തൊഴിൽ ഈടാക്കുന്നതിനും, അക്കൗണ്ടിംഗ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ലൈവ് സ്റ്റോക്ക് ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിച്ചു വരുന്നു

1. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ലൈവ് സ്റ്റോക്ക് ഫാമുകളൊന്നും തന്നെ 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. കെട്ടിട നമ്പറുള്ള 5 കോഴി ഫാമുകളാണ് സഞ്ചയപ്രകാരം ഗ്രാമപഞ്ചായത്തിലുള്ളത്. എന്നാൽ ഈ ഫാമുകളൊന്നും തന്നെ 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. 26.11.21-ാം തിയ്യതിയിൽ ഓഡിറ്റ് ടീം ശ്രീ.ബെന്നി പുന്നേലി പറമ്പിൽ വീട്, കെമ്പൊടിഞ്ഞാമക്കൽ എന്നവരുടെ തോംസൺ ഡയറി ഫാമിൽ പരിശോധന നടത്തിയിരുന്നു. മൂന്നറിലധികം പശുക്കളും, ആടുകളും ഈ

ഫാമിലുണ്ട്. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാതെയാണ് ഫാം പ്രവർത്തിച്ച വരുന്നത്. ഇവിടെയുള്ള 4 ഷെഡുകൾക്ക് മാത്രമാണ് കെട്ടിടനമ്പർ ഉള്ളത്. ബാക്കിയുള്ള 12 ഷെഡുകൾ അനധികൃതമായാണ് പ്രവർത്തിച്ചവരുന്നത്. ലൈസൻസ് എടുക്കാത്തതിന് സെക്രട്ടറി 1/11/2019-ാം തിയ്യതിയിൽ കത്ത് നം.എ2 6251/19 പ്രകാരം തോംസൺ ഡയറി ഫാമിന്റെ പ്രവർത്തനം നിർത്തി വയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയതായികാണുന്നു. ചട്ടങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതിന് 6700/-രൂപ ഫൈനായി ഈടാക്കിയിട്ടുണ്ട്. 17.11.2019 മുതൽ 1.3.2020 വരെയുള്ള ദിവസങ്ങൾ പ്രവർത്തിച്ചതിനാണ് ഫൈൻ ഈടാക്കിയിട്ടുള്ളത്. ഓഡിറ്റ് ടീം 26.11.21-ാം തിയ്യതിയിൽ സ്ഥല പരിശോധന നടത്തുമ്പോൾ ഈ ഫാം പ്രവർത്തിച്ച വരികയാണ്. ഫാം 15 വർഷമായി പ്രവർത്തിച്ച വരുന്നുവെന്നാണ് ഫാം ഉടമ സെക്രട്ടറിയുടെ നോട്ടീസിന് നൽകിയ മറുപടിയിൽ കാണുന്നത്. ലൈവ് സ്റ്റോക്ക് ഫാം ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം ഈ ഫാം നാളിതു വരെയായി ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിലാണ് ഫാം പ്രവർത്തിച്ച വരുന്നത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 24/26.11.21 ന് മറുപടിയായി, ഫാം നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ലായെന്നും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫാമിനെതിരെ ലൈവ് സ്റ്റോക്ക് ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ അടിന്തിരമായി സ്വീകരിക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങൾ നിയമപ്രകാരം ക്രമവൽക്കരിച്ച് വസ്തു നികുതി ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

2. 26.11.21-ാം തിയ്യതിയിൽ ഓഡിറ്റ് ടീം ശ്രീ.ഫെലിക്സ് റാഫേൽ,തെക്കിനേത്ത് വീട്, പൊന്നക്കര എന്നവരുടെ കോഴിഫാമിൽ പരിശോധന നടത്തിയിരുന്നു. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെയാണ് ഈ ഫാം പ്രവർത്തിച്ച വരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി 25/27.11.21 പ്രകാരം അന്വേഷിച്ചിരുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ലായെന്നാണ് മറുപടി നൽകിയത്. നിലവിൽ പ്രവർത്തിച്ച വരുന്ന ഈ ഫാമിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, നാളിതു വരെ പ്രവർത്തിച്ച വന്നതിനുള്ള ഫൈൻ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 അനധികൃതമായി ഭൂവികസനം നടത്തി

അപേക്ഷ നം.എ3-4406/19 തി.15.7.19 പ്രകാരം ശ്രീ.തോമസ് ഡി.കല്ലേലി ഹൗസ്, ചാലക്കുടി എന്നവരുടെ 1.1973 ഹെക്ടർ സ്ഥലം 33 ഭാഗങ്ങളായി തിരിച്ച് ഭൂവികസനം നടത്തുന്നതിന് അപേക്ഷിച്ചിരുന്നു. ആയത് ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചിട്ടുള്ളതായി കാണുന്നു. ജില്ലാ ടൗൺ പ്ലാനറുടെ 16.10.20-ാം തിയ്യതിയിലെ കത്ത് നം.TCP TSR/351 /2020-C1 കത്ത് പ്രകാരം കെ.പി.ബി.ആർ ചട്ടലംഘനമുള്ളതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനറോ, ഗ്രാമപഞ്ചായത്തോ പ്രസ്തുത സ്ഥലത്ത് ഭൂവികസനം നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. 26.11.21-ാം തിയ്യതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഈ സ്ഥലത്ത ഭൂവികസനം നടത്തിയിട്ടുള്ളതായി കാണാൻ സാധിച്ചു. അനധികൃതമായി റോഡുകളും (കരിങ്കൽ ഉപയോഗിച്ച്), പ്ലോട്ട് ഡിവിഷനും നടത്തിയിട്ടുണ്ട്. ആയതിനാൽ ഭൂവികസന പെർമിറ്റ് എടുക്കാതെ നടത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 അനധികൃത കെട്ടിടങ്ങൾ - നിർമ്മാണം ചട്ടപ്രകാരം ക്രമീകരിക്കേണ്ടതാണ്.

26.11.21-ാം തിയ്യതിയിൽ ഓഡിറ്റ് ടീം ശ്രീ.ബെന്നി പുന്നേലി പറമ്പിൽ വീട്, കെമ്പൊടിഞ്ഞാമക്കൽ എന്നവരുടെ തോംസൺ ഡയറി ഫാമിൽ പരിശോധന നടത്തിയിരുന്നു. മൂന്നൂറിലധികം പശുക്കളും, ആടുകളും ഈ ഫാമിലുണ്ട്. ഇവിടെയുള്ള 4 ഷെഡുകൾക്ക് മാത്രമാണ് കെട്ടിടനമ്പർ ഉള്ളത്. ബാക്കിയുള്ള 12 ഷെഡുകൾ അനധികൃതമായാണ് പ്രവർത്തിച്ചവരുന്നത്. ഫാം അവരുടെ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നം.എ3-4793/6.8.21 പ്രകാരം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. പ്ലാൻ പ്രകാരം 4044 ച.മീറ്റർ വിസ്തൃതിയാണ് കെട്ടിടങ്ങൾക്കുള്ളത്. 1237.54 ച.മീറ്റർ വിസ്തൃതിയിലുള്ള ഷെഡുകൾക്ക് മാത്രമാണ് കെട്ടിട നമ്പറുള്ളത്. അതായത് 2806.ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടങ്ങൾ അനധികൃതമാണ്. ഈ കെട്ടിടങ്ങൾ നാളിതുവരെയായി പൊളിച്ച കളയുന്നതിനോ, UA നൽകി വസ്തുനികുതി ഈടാക്കുന്നതിനോ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/26.11.21 നൽകി, മറുപടിയിൽ ഫാമിന്റെ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ടൗൺ പ്ലാനർക്ക് അയച്ചുകൊടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയതു മുതൽ നാളിതുവരെയുള്ള പിഴ ഈടാക്കി, ഈ അനധികൃത കെട്ടിടത്തിനെതിരെ കെ.പി.ബി.ആർ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ എലൈറ്റ് സൂപ്പർമാർക്കറ്റ്, കൈരളി ടൈൽസ് എന്നിവ പ്രവർത്തിച്ചവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഈ രണ്ടു സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷാപ്രകാരം എലൈറ്റ് സൂപ്പർമാർക്കറ്റിൽ 19 ജീവനക്കാരും, കൈരളി

ടൈൽസിൽ 12 ജീവനക്കാരുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.15/25.11.21ക്കുള്ള, മറുപടിയിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 വില്ലേജിൽ നിന്നും വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ നൽകി

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചപ്പോൾ വില്ലേജിൽ നിന്നും ലഭിച്ച വാല്യൂവേഷൻ സാക്ഷ്യപത്രം കാണാൻ സാധിച്ചില്ല.

| ക്രമ നം. | കെട്ടിട നം | വിസ്തീർണ്ണം(ച.മീ) |
|---|---|---|
| 1 | 8/522 A To I | 250.48 |
| 2 | 7/43A To F | 132.59 |
| 3 | 2/ B To F | 181.93 |

2019-20 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വില്ലേജിൽ നിന്നും വാല്യൂവേഷൻ സാക്ഷ്യപത്രം വാങ്ങിയാണോ കെട്ടിനമ്പർ അനുവദിച്ചത് എന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/25.11.21 നൽകിരുന്നു. മറുപടിയിൽ വില്ലേജിൽ ഒറ്റ തവണ നികുതി അടവാക്കിയ സാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. വില്ലേജിൽ ഒറ്റ തവണ നികുതി അടവാക്കിയ സാക്ഷ്യപത്രം ലഭ്യമായതിനുശേഷം മാത്രം കെട്ടിട നമ്പർ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 6 തിയ്യതി.24 -11-21 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയ റോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്ക വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-36 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.10 തിയ്യതി. 23-11-21 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, II എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-37 ICDS സൂപ്പർവൈസർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.27 തിയ്യതി.27-11-21 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ നിർവഹണോദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-38 പ്രൊജ.നം. 87/19-20 അംഗൻവാടികൾക്ക് ഉപകരണങ്ങൾ-അപാകതകൾ

അടങ്കൽ ₹ 1,00,000- ( പ്ലാൻ ഫണ്ട് --പൊ.വി )

നി.ഉദ്യോഗസ്ഥൻ ICDS സൂപ്പർവൈസർ

ഓഡിറ്റ് എൻക്വയറി നം. 27 തിയ്യതി.27.11.21

മേൽ പ്രൊജക്റ്റു പ്രകാരമുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. അംഗീകരിച്ച പ്രൊജക്റ്റിൽ താഴെ ചേർക്കുന്നതു പ്രകാരം ഉപകരണങ്ങൾ വാങ്ങേണ്ടിയിരുന്നു.

| | |
|---|---|
| 1. വെയിങ്ങ് മെഷിൻ | ₹40,000- |
| 2. മിക്സി | ₹40,000- |
| 3. ഫാൻ | ₹20,000- |
| ആകെ | ₹1,00,000- |

എന്നാൽ അംഗീകരിച്ച പ്രൊജക്റ്റിൽ നിന്നും വ്യതിചലിച്ച് ₹98500- ചെലവു ചെയ്ത് കോർപ്പസ് മാർക്കറ്റിങ്ങ്-ആലുവ എന്ന സ്ഥാപനത്തിൽ നിന്ന് മിക്സികൾ മാത്രം വിവിധ അംഗൻ വാടികളിലെ ഉപയോഗത്തിനായി വാങ്ങിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അംഗീകരിച്ച പ്രൊജക്റ്റിന് വ്യതിയാനങ്ങൾ വരുന്ന സംഗതിയിൽ പ്രൊജക്റ്റ് പുതുക്കേണ്ടിയിരുന്നതും ആയതിന് അംഗീകാരം നേടേണ്ടതുമായിരുന്നു.

2. കോർപ്പസ് മാർക്കറ്റിങ്ങ്-ആലുവ, സിത്താര ഷോപ്പിങ്ങ് സെന്റർ തലയോലപ്പറമ്പ് എന്നീ സ്ഥാപനങ്ങളാണ് ടെണ്ടർ നൽകിയിരുന്നത്. മരാമത്ത് പണികൾക്കുവേണ്ടി ഗ്രാമലക്ഷ്മി മുദ്രാലയം തയ്യാറാക്കിയിട്ടുള്ള ഫോമുകളിലാണ് ഈ സ്ഥാപനങ്ങൾടെണ്ടർ നൽകിയിരിക്കുന്നത്.

3. മിക്സികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് വാറണ്ടികാർഡുകൾ ലഭ്യമായിട്ടില്ലാത്തതായും പരിശോധനയിൽ കണ്ടു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-39 പ്രൊജ.നം.197/19 ഗ്രാമ പഞ്ചായത്ത് ആഫീസ് നവീകരണം രണ്ടാം ഘട്ടം-- അപാകതകൾ

അടങ്കൽ : ₹7,00,000 - ( തനതു ഫണ്ട് )

ഭരണാനുമതി -ഇല്ല

സാങ്കേതികാനുമതി -ഇല്ല

കരാർ നം.-ഇല്ല തി. 11-2-19

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

പി.എ.സി. തുക ₹ 7,00,000-

വൗ.നം. 21900363 തി.11-7-19 ₹7,00,000-

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.7, തി. 24-11-21 )

മേൽ പ്രൊജക്റ്റു പ്രകാരം ഗ്രാമ പഞ്ചായത്തിലെ എ.സി.പി/ വൈദ്യുതീകരണ പ്രവൃത്തികൾ, പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവും കുറഞ്ഞ നടപടിക്രമങ്ങൾ പോലും പാലിക്കാതെ നിർവ്വഹിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അപാകതകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 1 പ്രകാരം 'Government Departments Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept But, With The Approval Of Government.' എന്നും, സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 1 സി. പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസികളുടെയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സംഘടനാ സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതും പ്രത്യേക സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ വ്യവസ്ഥാപിത എഞ്ചിനിയറിങ്ങ് വിഭാഗം ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക വൈദഗ്ദ്യമൊന്നും ആവശ്യമില്ലാത്ത മരാമത്തു പ്രവൃത്തി 'ആർട്ട്കോ'യെ ഏൽപ്പിച്ചു കാണുന്നു.

2. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 11 സി. പ്രകാരം ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന് ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. സ.ഉ. (സാധാ) നം.2092/2018 ത.സ്വ.ഭ.വ തീ.1-8-2018 പ്രകാരം ആർട്ട്കോ'യിലെ ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിങ്ങ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി എ.സി.പി/ വൈദ്യുതീകരണ പ്രവൃത്തികളാണ് ഇപ്പോൾ നിർവ്വഹിച്ചിട്ടുള്ളത്.

3. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-'13 വ്യവസ്ഥ 3 സി പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനിയർ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം.സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

4. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 7 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടണം. എന്നാൽ 'ആർട്ട്കോ'യുമായി നിലവിൽ നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെട്ടു കാണുന്നത്. ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാർ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്നും കണ്ടു.

5. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവുപുസ്തകം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
6. കേരള പൊതുമരാമത്തു വകുപ്പ് മാനവൽ വകുപ്പ് 2113 പ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

7. സർക്കാർ സർക്കുലർ 18/2019 ധന തി. 1-3-19 നിർദേശം 8പ്രകാരം മരാമത്തു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി GST യ്ക്ക് പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ട്. GST യ്ക്ക് പ്രത്യേകം തുക വകയിരുത്താതെയാണ് ഇപ്പോൾ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്.

ആർട്ട്കോവിന്റെ 19-3-19 ലെ ഇൻവോയ്സ് 812 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹5,93,220.32 ഉം GST യിനത്തിൽ ₹1,06,779.64 ( 18% ) ആണ്. മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹35593-( ₹5,93,220.32 X 6%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

8. KCWWF ഇനത്തിൽ ₹5932-( ₹5,93,220.32 X 1%) മാത്രം ചെലവാക്കേണ്ടതുള്ളപ്പോൾ ₹1068 - അധികമായി ₹7000- ചെലവു ചെയ്തിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അധികം നല്കിയ തുക ഈടാക്കേണ്ടതാണ്.

9. അക്രഡിറ്റഡ് ഏജൻസികൾക്ക് അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജിന് അർഹതയുണ്ട്. ഇക്കാര്യത്തിൽ സെന്റേജ് ചാർജ്ജ് ഈടാക്കാതെ ആർട്ട്കോ സേവനം നൽകാനിട വന്നത് വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് വീഴ്ച വന്നിട്ടുള്ള സംഗതിയിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും GST, Kcwwf എന്നീയിനങ്ങളിൽഅധികം ചെലവു ചെയ്ത തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതുമാണ് .

## 1-40 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പഠനമുറി നിർമ്മാണം നടത്തിയിട്ടുള്ളത് ഗുണഭോക്താവിന്റെ താമസ ഗൃഹത്തിന് അനുബന്ധമായിട്ടല്ല -അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് ---167/20, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
വൗച്ചർ നമ്പർ – 1)21901251/11.12.2019 – 50000
2)21901689/23.03.2020 – 50000

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
പഞ്ചായത്തിലെ വാർഡ് 5 ലെ അർജുൻ കൃഷ്ണ, S/0 ബിന്ദു, കാവല്ലൂക്കാരൻ എന്ന വിദ്യർത്ഥിക്ക പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ധനസഹായത്തിനായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ദേവകി, കാവല്ലൂക്കാരൻ, എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 5 ലെ 444 നമ്പർ കെട്ടിടത്തിനോട് അനുബന്ധമായി 100m2 വിസ്തൃതിയിൽ നിർമ്മാണപ്രവർത്തനം നടത്തുന്നതിനാണ് പഞ്ചായത്ത് A -6804/19 തീ.23.11.2019 പ്രകാരം എൻ.ഒ.സി നൽകിയിട്ടുള്ളത്. എന്നാൽ അർജ്ജുൻകൃഷ്ണനോ, മാതാവായ ശ്രീമതി.ബിന്ദുവോ ശ്രീമതി.ദേവകിയുടെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡ് നമ്പർ 1843143480 ലെ അംഗങ്ങൾ അല്ല.അർജ്ജുൻകൃഷ്ണൻ ശ്രീമതി.ബിന്ദുവിന്റെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡ് നമ്പർ 18431201103 ലെ അംഗമാണ്. റേഷൻ കാർഡ് പ്രകാരം വീടിന്റെ നമ്പർ 524 ആണ്. അർജ്ജുൻകൃഷ്ണൻ അംഗമായിട്ടുള്ള കാർഡ് നമ്പറിൽ രേഖപ്പെടുത്തിയ വീട് നമ്പർ 524 നോട് കൂടി പഠനമുറി നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് പകരം ശ്രീമതി.ദേവകിയുടെ ഉടമസ്ഥതയിലുള്ള വീട്ടുനമ്പറായ 444 നോട് കൂടി പഠനമുറി നിർമ്മിക്കുന്നതിന് പഞ്ചായത്ത് പെർമിറ്റ് നൽകിയതിന്റെ കാരണം

അറിയിക്കുവാൻ എൻക്വയറി നമ്പർ 20/26.11.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല (ടി പദ്ധതി തൻ വർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽ ഓവറായി 2020-21 ലാണ് പൂർത്തീകരിച്ചിട്ടുള്ളത്). ടി നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് കൃത്യമായ മറുപടി ലഭ്യമാക്കുംവരെ ചെലവ് തുകയായ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.20/26.11.21

## 1-41 കന്നുകുട്ടി പരിപാലനം

പ്രൊജക്റ്റിന്റെ പേര് - കന്നുകുട്ടി പരിപാലന പരിപാടി

പദ്ധതി നം 63/20

അടങ്കൽ 2400000
ബിൽ നം.-

ചെലവ് 331250/23.10.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

2019-20 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 331250 രൂപ 23.10.2019 ന് എസ് എൽ ബി പിയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ തൃക്കൂർ സൊസൈറ്റിയുടെ നാൾവഴി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നു. ശ്രീമതി.കമല.കെ.ആർ പദ്ധതിയുടെ ആരംഭത്തിൽ 23.3.2020 ന ശേഷം തുടരുന്നില്ല. ശ്രീ.ബാലകൃഷ്ണൻ കുവത്ത് 11.1.2021 ന ശേഷം തുടരുന്നില്ല. ശ്രീമതി ആനി തോമസ് പാറയ്ക്കൽ ആരംഭത്തിൽ 23.3.2020 ന ശേഷം തുടരുന്നില്ല. ശ്രീ. കാർത്തിക് പി.കെ, പൊട്ടൻ കണ്ടത്തിൽ 29.9.2020 ശേഷം തുടരുന്നില്ല. മേൽ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരാത്ത മറ്റു ഗുണഭോക്താക്കളും ഉണ്ടെങ്കിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-42 സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം./പ്രോജക്റ്റ് | ബിൽ നം./തീയ്യതി | തുക | നൽകിയത് |
|---|---|---|---|---|
| 1 | 144/20-സ്ട്രീറ്റ് മെയിൻ വലിക്കലും,പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 21900274/ 17.4.19<br>21900375/ 01.6.2019 | 7485<br>23363 | കെ.എസ്.ഇ.ബി,പുതുക്കാട്<br>കെ.എസ്.ഇ.ബി,പുതുക്കാട് |
| 2 | 237/20-ഞാറ്റല്ലൂർ അംഗൻവാടിയിലേക്ക് വാട്ടർ കണക്ഷൻ | 21900829/ 27.09.19 | 20000 | KWA |
| 3 | 268/20-അമ്പലനട അംഗൻവാടിയിലേക്ക് വാട്ടർ കണക്ഷൻ | 21901528/08.02.2020 | 21000 | KWA |
| 4 | വാർഡ് 8ലേക്ക് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ,47/20 | 21901263/21.12.2019 | 118992/- | കെ.എസ്.ഇ.ബി പുതുക്കാടിന് |

2.സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റിസ്ഥാപിക്കലും (41/20)- ഗ്രാമപഞ്ചായത്തിലുള്ള വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനും,ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി രൂപീകരിച്ച പദ്ധതി.ആകെ ചെലവഴിച്ച 546519 /- രൂപയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്ത (342885 രൂപയുടെ വിനിയോഗവിവരം ലഭിച്ചു) തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.ടി തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കണം .

| ക്രമ | വൗച്ചർനമ്പർ/തീ. | തുക | നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | | | |
| 1 | 21900388/3.3.20 | 11676 | K S E B മരത്താക്കര |
| 2 | 21900884/26.10.19 | 21560 | K S E B പുത്തൂർ |
| 3 | 219001287/21.12.19 | 13882 | K S E B പുതുക്കാട് |
| 4 | 21901529/8/2/2020 | 14559/- | K S E B മരത്താക്കര |
| 5 | 21901533/8.2.20 | 23197 | K S E B പുതുക്കാട് |
| 6 | 21901530/11.2.20 | 39585 | K S E B മരത്താക്കര |
| DP Share | | | |
| 7 | 21901495/9.3.2020 | 31746 | K S E B പുതുക്കാട് |
| 8 | 21901514/12.3.2020 | 40617 | K S E B പുതുക്കാട് |
| 9 | 21901587/11.3.2020 | 6812 | K S E B പുതുക്കാട് |
| | ആകെ | 203634 | |

30848+20000+21000+118992+203634=394474 രൂപയുടെ വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-43 സെക്രട്ടറി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയത് -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | പ്രോജക്റ്റ് നം./പ്രോജക്റ്റ് | ബിൽ നം./ തീയ്യതി | തുക | നൽകിയത് | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 2/20,ഐ.കെ. എം ന് വിഹിതം നൽകൽ | 13/19-20/ 12.07.2019 | 80553 | ഇൻഫർമേഷൻ കേരള മിഷൻ | ഐ.കെ. എം ന്റെ കത്ത് പ്രകാരം ധന വിനിയോഗ സാക്ഷ്യപത്രം പ്രസ്തുത സ്ഥാപനത്തിലെ ഓഡിറ്റ് പൂർത്തിയാക്കുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഐ.കെ. എം ൽ നിന്ന് വിനിയോഗ വിവരം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിന് നൽകേണ്ടതാണ്. |
| 2 | 52/20-കാൻ തൃശ്ശൂർ | 21900833/ 27.8.2019 | 80000 | ജില്ല പഞ്ചായത്ത് | കാൻ തൃശ്ശൂർ പദ്ധതി നടപ്പാക്കുന്നത് ജില്ലപഞ്ചായത്ത് ആണെങ്കിലും ഓരോ |

| | | | | | |
|---|---|---|---|---|---|
| | | | | | പഞ്ചായത്തിലും ക്യാൻസർഡിറ്റക്ഷൻ ക്യാമ്പുകൾ ജില്ലപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്താറുണ്ട്. തൃക്കൂർ പഞ്ചായത്തിൽ നടപ്പാക്കിയ ക്യാമ്പുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം നൽകിയത് കൈപ്പറ്റ് രസീതാണ്. വിനിയോഗവിവരം അല്ല. |
| 3 | 231/20-എ.ബി.സി പ്രോഗ്രാം | 21900790/14.8.2019 | 21000 | കുടുംബശ്രീ ജില്ലമിഷൻ കോ-ഓർഡിനേഷൻ | വിശദമായ(എത്ര നായ്ക്കളെ വന്ധ്യംകരണം നടത്തിയതിന്റെ വിവരം ഉൾപ്പെടുത്തി) വിനിയോഗ സാക്ഷ്യപത്രം |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പ്രൊജക്റ്റുകൾ-- മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല.

മരുന്ന് വന്നതുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളിൽ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | ചെലവ് വിവരങ്ങൾ | ലഭ്യമാകാനുള്ള മരുന്നുകളുടെ ആകെ തുക |
|---|---|---|
| 1 | പ്രൊജക്റ്റ് നം. 43/19-20 ട്രഷറി ബിൽ നം., തുക - 4,50,000/-, 3/12.07.19 പ്രൊഫോമ ഇൻവോയ്സ് നം.PRF-5069 | ₹3,58,778/- |
| 2 | പ്രൊജക്റ്റ് നം. 54/19-20 ട്രഷറി ബിൽ നം., | |

| | | |
|---|---|---|
| | തുക – 2,30,000/-, 8/24.08.19 പ്രൊഫോമ ഇൻവോയ്സ് നം.PRF-5073,3273, 3275, 4930 | |
| | ആകെ – 680000/- | ₹ 358778/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-45 മണലിപ്പുഴ സംരക്ഷണം -കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തുക നൽകി -ചെലവിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് -127/20, മണലിപ്പുഴ സംരക്ഷണം
ചെലവ് - 10000 (തനത് ഫണ്ട്)
വൗച്ചർ നമ്പർ – 21901606/24.03.2020
നിർവ്വഹണം -അസി.സെക്രട്ടറി

കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്. എന്ത് ആവശ്യത്തിന് നൽകി എന്നത് സംബന്ധിച്ച രേഖകളും, ടി തുകയുടെ കൈപ്പറ്റ് രസീതിയും ഓഡിറ്റിന് ലഭ്യമാക്കുവാൻ എൻക്വയറി നം.20/ 26-11-2021 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ആയത് ലഭ്യമാക്കുവരെ ചെലവ് തുകയായ 10000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-46 പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം/ചെലവ് രേഖകൾ ഓഡിറ്റ് ലഭ്യമാക്കിയില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്റ്റ് -38/20,പട്ടികജാതി യുവതികളുടെവിവാഹത്തിന് ധനസഹായം (സ്പിൽഓവർ)
ട്രഷറി ബിൽ നം. -01/19-20/10.5.19,36000/-
നിർവ്വഹണം – അസി.സെക്രട്ടറി

ഈ പദ്ധതിയുടെ ഫയൽ/ചെലവ് രേഖകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.20/26.11.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കുംവരെ 36000 /- രൂപ തടസ്സത്തിൽവയ്ക്കുന്നു.

### 1-47 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 5 തിയ്യതി.24 -11-21 )

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50000 | നെൽകൃഷി വികസനം | 50000 | 0 |
| | 2019-20 | 227000 | മിൽക്ക് ഇൻസെൻറീവ് | 227000 | 0 |
| | 2019-20 | 258500 | സ്കോളർഷിപ്പ് ഫോർ ഡിസ്ഏബിൾഡ് | 258500 | 0 |
| | | 1170076 | ലൈഫ് മിഷൻ | 140000 | 1030076 |
| | | 370000 | ലൈഫ് മിഷൻ-എസ്.സി | 370000 | 0 |
| ജില്ലാ പഞ്ചായത്ത് | | 106812 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനം പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 106812 | 0 |
| | | 300000 | പാലിയേറ്റീവ് പരിചരണം | 300000 | 0 |
| | | 200000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 34000 | മണലിപുഴ സംരക്ഷണം | 34000 | 0 |

മുൻവർഷ ബാക്കി ഉൾപ്പെടെ 2019-20 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1318576 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1440000രൂപയും നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഇത്രയും തുകയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് ഹാജരാക്കാനായിട്ടില്ല. ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനം പോസ്റ്റ് മാറ്റി സ്ഥാപിക്കലും | | 546519 | ഇല്ല | 546519 |
| 2.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വാർഡ്-8 ലേക്ക് സ്ട്രീറ്റ്മെയിൻഎക്സ്റ്റൻഷൻ | | 118992 | ഇല്ല | 118992 |
| 3.കേരള വാട്ടർ അതോറിറ്റി | 3വിവിധ പ്രൈമറി സ്കൂളുകൾക്ക് വാട്ടർ കണക്ഷൻ ബാക്കിതുക | | 18000 | ഇല്ല | 18000 |

| | | | | | |
|---|---|---|---|---|---|
| | നൽകൽ | | | | |
| 4.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4. പി.എച്ച്.സി. ഇലക്ട്രിക്കൽ മെയിൻറനൻസ് | | 82758 | ഇല്ല | 82758 |
| 5.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 5.സ്ട്രീറ്റ് മെയിൻവലിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | | 30848 | ഇല്ല | 30848 |
| 6.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രൈമറി ഹെൽത്ത് സെൻറർ ഫാർമസി ശീതികരിക്കൽ | | 138912 | ഇല്ല | 138912 |
| 7.കേരള വാട്ടർ അതോറിറ്റി | 7.അമ്പലനട അംഗൻ വാടി വാട്ടർകണക്ഷൻ | | 21000 | ഇല്ല | 21000 |
| 8.കേരള വാട്ടർ അതോറിറ്റി | 8.വാർഡ്-9,10 എന്നിവിടങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 0 | 0 | 0 |

2019-20ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം KSEB യ്ക്ക നൽകിയ 1194532രൂപയും KWAയ്ക്ക് നൽകിയ 266000രൂപയും മുൻകൂർ ക്രമീകരിക്കാതെ ശേഷിക്കുന്നുണ്ട്. ഇത്രയും തുകയുടെ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി സമ്പൂർണ്ണ പാർപ്പിട പദ്ധതി വായ്പ | | 20000000 | 11614760 | 1500000 | 1196138 | 10114760 |
| ലൈഫ് മിഷൻ വായ്പ | | 12666173 | 7226212 | 808,823 | | 11857350 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 3-7 | 524 (IT) | ശങ്കരനാരായണൻ | 118070101779 Dt.28/07/2019 |
| 2015-16 | 2-1 | 2500/- (PT) | 1രാജേഷ് | 1.1190570105297 Dt.23/11/2019 |
| | | 3750/- | 2.ഷാജു.വി.വി. | 2.119070105303 Dt.25/11/2019 |
| | | 2160/- | 3.ഗുരുദേവ ക്ലേ പ്രോഡക്ട്സ് (PT) | 3.119070105328 Dt.25/11/2019 |
| | | 2500/- | 4.റപ്പായി | 4.119070105515 Dt.16/12/2019 |
| | | 2500/- | 5.റെക്സൻ | 5.119070105516 Dt.16/12/2019 |
| | | 2500/- | 6.ജോഷി | 6.119070105517 Dt.16/12/2019 |
| | | 2500/- | 7.ഷാജൻ | 7.119070105518 Dt.16/12/2019 |
| | | 2500/- | 8.പോൾസൻ | 8.119070105580 Dt.20/12/2019 |
| | | 21434 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2-1 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. | തീർപ്പാക്കിയിട്ടില്ല |
| 2015-16 | 2-1 | 2016-17 | 2-1 | ജീവനക്കാരിൽനിന്നും ഒരു അർദ്ധ വർഷത്തെ മാത്രം തൊഴിൽ നികുതി ഈടാക്കിയില്ല. | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71034671 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68243798 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 540474 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 100000 | മനോജ്കുമാർ.പി.,അസി.സെക്രട്ടറി |
| 1-45 | 50000 | ജെയ്സൻ.പി.എ,അസി.സെക്രട്ടറി |
| 1-45 | 50000 | മനോജ്കുമാർ.പി,അസി.സെക്രട്ടറി |
| 1-46 | 36000 | ജെയ്സൻ.പി.എ,അസി.സെക്രട്ടറി |
| ആകെ | 146000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1981-82 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 82-83 | എൽ.എഫ്.ടി.എസ്. 2-825/11 തീയതി 28.10.11/6.12.11 |
| 84-85 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 86-87,87-88 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 88-89,89-90,91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 91-92 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 92-93,93-94 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 94-95 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 95-96 | എൽ.എഫ്.ടി.എസ്.2-825/11 തീയതി 28.10.11/6.12.11 |
| 96-97(ചെലവ്) | എൽ.എഫ്.ടി.11-893/99, തീയതി 19.4.99 |
| 96-97(ഫൈനൽ) | എൽ.എഫ്.ടി.11-154/06, തീയതി 31.5.06 |

| | |
|---|---|
| 97-98ചെലവ് | എൽ.എഫ്.ടി.893/99 തീയതി19.4.99 |
| 97-98ഫൈനൽ | എൽ.എഫ്. ടി.11-155/06, തീയതി 31.5.06 |
| 98-99ചെലവ് | എൽ.എഫ്.ടി11-662/00, തീയതി 1.9.00 |
| 98-99ഫൈനൽ | എൽ.എഫ്.ടി.11-1526/00, തീയതി 18.10.06 |
| 99-00,00-01,01-02പദ്ധതി ചെലവ് | എൽ.എഫ്.ടി.11-1069/03, തീയതി 26.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി.11-1527/06, തീയതി 20.10.06 |
| 00-01 | എൽ.എഫ്.ടി.11-1683, തീയതി 4.10.08 |
| 01-02 | എൽ.എഫ്.ടി.11-2361/07, തീയതി 4.10.08 |
| 02-03 | എൽ.എഫ്.ടി.11-2370/07, തീയതി 4.10.08 |
| 03-04 | എൽ.എഫ്.ടി.11-1364/08, തീയതി 3.8.09 |
| 04-05 | എൽ.എഫ്.ടി.11-1365/08, തീയതി 3.8.09 |
| 05-06 | എൽ.എഫ്.ടി.11-1620/09, തീയതി 8.8.10 |
| 06-07 | എൽ.എഫ്.ടി.11-1621/09, തീയതി 18.8.10/31.1.11 |
| 07-08 | എൽ.എഫ്.ടി.(പി5)370/11, തീയതി 11.3.11 |
| 08-09 | എൽ .എഫ്.ടി.(പി5)371/11, തീയതി 15.3.11 |
| 09-10 | എൽ .എഫ്.ടി.(പി5)372/11, തീയതി 15.3.11 |
| 10-11 | എൽ .എഫ്. ടി.(പി4)710/12 തീയതി 18.9.12/2.3.13 |
| 11-12 | എൽ.എഫ്. ടി.(പി8) 1568/13 തീയതി 14.3.14/12.5.14 |
| 12-13 | എൽ. എഫ്.ടി.(പി8) 379/14, തിയതി 12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. (പി8) 560/15/20.8.15/ 12.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി6) 1256/16/ 28.7.2016 |
| 15-16 | കെ .എസ്.എ.ടി. എസ്.ആർ.(പി6) 2058/16/ 22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(പി6)1442/17 Dt.09.10.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ.(പി6)1840/18 തീ.04.12.18 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(പി6)116/2020 തീയതി:25.5.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃക്കൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്